**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5056** **04-07-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാലയങ്ങളിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് സമഗ്രമായ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പഠനം ക്ലാസ് മുറികളിൽ മാത്രം ഒതുങ്ങേണ്ടതല്ലെന്നും കുട്ടികളുടെ മാനസികവും ശാരീരികവും വൈകാരികവുമായ വളർച്ചയ്ക്ക് കളിസ്ഥലം ഉൾപ്പെടെയുള്ള ഭൗതിക ചുറ്റുപാടുകൾ വളരെ അത്യന്താപേക്ഷിതമാണെന്നുമുള്ള ഹൈക്കോടതിയുടെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രീ.എൻ.പ്രകാശ്, ശ്രീമതി രജനി ആർ എന്നിവർ ഫയൽ ചെയ്ത WP(C) 19170/24 – മേലുള്ള ബഹു. ഹൈക്കോടതിയുടെ 11.04.2024 ലെ ഉത്തരവിൽ chapter IV Rule 3 (2) of KER പ്രകാരം ഓരോ കാറ്റഗറിയിലുള്ള സ്കൂളുകൾക്ക് വേണ്ട കളിസ്ഥലങ്ങളുടെ വിസ്തൃതി സംബന്ധിച്ചും ഓരോ കളിസ്ഥലത്തിനും ഉണ്ടാകേണ്ട ഫെസിലിറ്റി സംബന്ധിച്ചും മാർഗനിർദ്ദേശം പുറപ്പെടുവിക്കണമെന്ന് ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | സർക്കാർ വിദ്യാലയങ്ങളുടെ കോമ്പൗണ്ടുകൾ സ്കൂൾ പ്രവർത്തനത്തിന് അനുയോജ്യമല്ലാത്ത രീതിയിലുള്ള പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽവന്നിട്ടില്ല. സ്കൂൾ കോമ്പൗണ്ട് അനുചിതമായി വിനിയോഗിക്കുവാൻ അനുവാദം ഇല്ല. ക്രമക്കേടുകൾ കണ്ടെത്തിയാൽ ഉചിത നടപടി സ്വീകരിക്കുന്ന തായിരിക്കും. ഔരോ സ്കൂളിനും ആവശ്യമായ സ്ഥല വിസ്തൃതി, കെട്ടിട സൗകര്യം, കളിസ്ഥലം, ശൗചാലയങ്ങൾ എന്നിവയെക്കുറിച്ച് കെ.ഇ.ആർ അധ്യായം IV ചട്ടം 1,3,5,9 എന്നിവയിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ കളിസ്ഥലം, ശൗചാലയങ്ങൾ, ജൈവവിധ്യ ഉദ്യാനം, പാചകപ്പുര മുതലായവയുടെ സ്ഥലസൗകര്യം എത്രമാത്രം ആയിരിക്കണം എന്നിവ സംബന്ധിച്ച് ആവശ്യാനുസരണം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഓരോ സ്കൂളിന്റെയും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലത്ത് കളിസ്ഥലം, കെട്ടിടങ്ങൾ, ജൈവവൈവിധ്യ ഉദ്യാനങ്ങൾ, ശൗചാലയങ്ങൾ, പാചകപ്പുര എന്നിവയ്ക്ക് വേണ്ട സ്ഥലസൗകര്യങ്ങളെക്കുറിച്ച് വിദ്യാഭ്യാസ ചട്ടങ്ങളിൽ പ്രത്യേകമായി നിഷ്കർഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അത് | (സി) | ശ്രദ്ധയിൽവന്നിട്ടില്ല. സ്കൂൾ കോമ്പൗണ്ട് അനുചിതമായി വിനിയോഗിക്കുവാൻ അനുവാദം ഇല്ല. ക്രമക്കേടുകൾ കണ്ടെത്തിയാൽ ഉചിത നടപടി സ്വീകരിക്കുന്ന തായിരിക്കും. ഔരോ സ്കൂളിനും ആവശ്യമായ സ്ഥല വിസ്തൃതി, കെട്ടിട സൗകര്യം, കളിസ്ഥലം, ശൗചാലയങ്ങൾ എന്നിവയെക്കുറിച്ച് കെ.ഇ.ആർ അധ്യായം IV ചട്ടം 1,3,5,9 |

| | | | |
|---|---|---|---|
| | ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; | | എന്നിവയിൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ കളിസ്ഥലം, ശൗചാലയങ്ങൾ, ജൈവവിധ്യ ഉദ്യാനം, പാചകപ്പുര മുതലായവയുടെ സ്ഥലസൗകര്യം എത്രമാത്രം ആയിരിക്കണം എന്നിവ സംബന്ധിച്ച് ആവശ്യാനുസരണം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | എല്ലാ സർക്കാർ സ്കൂളുകളിലും കളിസ്ഥലം നിർമ്മിക്കുന്നതിന് സമഗ്രമായ പദ്ധതി തയ്യാറാക്കുമോ; വിശദമാക്കുമോ? | (ഡി) | കളിസ്ഥലം നിലവിൽ ഇല്ലാത്ത സ്കൂളുകളിൽ, സ്ഥലലഭ്യത പരിശോധിച്ച് കളിസ്ഥലം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ